# അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗത്തിൽ കൂടുതൽ ഉദാരവൽക്കരണം

2003, ജനുവരി 30

ദേശവാസികൾക്കും വ്യക്തികൾക്കും കോർപ്പറേറ്റുകൾക്ക്, ഇന്ത്യയിലെ ഏത് ക്രെഡിറ്റ് വിതരണക്കാരനിൽ നിന്നും അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡ് സൗകര്യം പ്രയോജന പ്പെടുത്താവുന്നതാണ്. വിതരണക്കാരൻ അവരുടെ അവബോധത്തിനനുസരിച്ച് അത്തരം കാർഡുകൾക്കുള്ള ക്രെഡിറ്റ് പരിധി നിശ്ചയിക്കുന്നു.

ദേശവാസികൾ കറണ്ട് അക്കൗണ്ട് ഇടപാടുകൾക്കായി വിദേശനാണ്യം പിൻവലി ക്കുന്നത് കൂടുതൽ ഉദാരമാക്കുന്നതിനുള്ള ഒരു ഉദ്യമമായി, ഒരു കലണ്ടർ വർഷം സ്വകാര്യ യാത്രയ്ക്കായി 10,000 യു.എസ്. ഡോളറിൽ കവിയുന്ന തുകയും, ബിസിനസ് യാത്ര, അന്താരാഷ്ട്ര കോൺഫറൻസ്/പരിശീലനം/മെഡിക്കൽ ചികിത്സ എന്നിവയ്ക്കായുള്ള യാത്രയ്ക്കുവേണ്ടി 25,000 യു.എസ്. ഡോളറിൽ കവിയുന്ന തുകയും പ്രയോജനപ്പെടു ത്തുന്നതിനായി ഭാരതീയ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി വേണമെന്നുള്ള നില വിലുള്ള ആവശ്യം അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുപയോഗിച്ചുള്ള ചെലവുകളുടെ കാര്യത്തിൽ ബാധകമാകില്ലെന്ന് ഇപ്പോൾ തീരുമാനമായിട്ടുണ്ട്. കാർഡ് വിതരണക്കാരൻ നിശ്ചയിച്ചിട്ടുള്ള ക്രെഡിറ്റ് പരിധിയിക്ക് വിധേയമായി ഈ സൗകര്യം എല്ലാ ദേശവാസികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

ക്രെഡിറ്റ് കാർഡുകൾ ഇന്ത്യയ്ക്ക് പുറത്തോ അകത്തോ ഉപയോഗി ക്കുന്നത് മൂലം ഉണ്ടായിട്ടുള്ള ധനവ്യയത്തിന് വിദേശവിനിമയ മാനേജ്മെന്റ് ആക്ടിന് (FEMAI കീഴിൽ വ്യത്യസ്തമായ പരിധികൾ ഭാരതീയ റിസർവ് ബാങ്ക് നിശ്ചയിച്ചിട്ടില്ലെന്നും വ്യക്തമാക്കുന്നു.

2002, ജൂൺ 7 ലെ റിസർവ് ബാങ്കിന്റെ AP (DIR സീരിസ്) സർക്കുലർ നമ്പർ 53-ൽ പ്രഖ്യാപിച്ച പ്രകാരം ഇൻഡ്യയിലെ അംഗീകൃത ഡീലറുടെ പക്കൽ നിന്ന് വിദേശ നാണ്യ വിനിമയം സാധ്യമെങ്കിൽ, വിദേശയാത്രയുമായി ബന്ധപ്പെട്ട ചെലവുകൾ കൂടാതെ, പുസ്തകങ്ങളുടെ ഇറക്കുമതി, ഡൗൺലോഡ് ചെയ്യപ്പെടാവുന്ന സോഫ്റ്റ്‌വെയറുകൾ വാങ്ങൽ എക്സിം പോളിസിയുടെ കീഴിൽ അനുമതി ലഭിച്ചിട്ടുള്ള ഏതെങ്കിലും വസ്തുവിന്റെ ഇറക്കുമതി തുടങ്ങിയ എന്തെങ്കിലും ഉദ്ദേശ്യത്തിനായി ഇന്റർനെറ്റിൽ മേലും അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കാവുന്നതാണ്. ഇന്റർനെറ്റ് വഴി അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നതിൽ ധനപരമായി പ്രത്യേകമായ പരിധിയും നിർദ്ദേശിച്ചിട്ടില്ല.

എന്നാൽ നിരോധിക്കപ്പെട്ട ലോട്ടറി ടിക്കറ്റുകൾ, നിരോധിക്കപ്പെട്ട മാസികകൾ എന്നിവ വാങ്ങൽ, വാതുവയ്പിൽ പങ്കെടുക്കൽ, കോൾബാക്ക് സേവനങ്ങൾക്കുള്ള പണ

മടയ്ക്കൽ തുടങ്ങിയവയ്ക്ക് ഇന്റർനെറ്റ് മുഖേനയോ മറ്റുവിധത്തിലോ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കാൻ സാധ്യമല്ലെന്ന് വ്യക്തമാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് വിദേശനാണ്യം പിൻവലിക്കൽ അനുവദനീയമല്ല.

**അൽപന കില്ലാവാലാ**

ജനറൽ മാനോജർ

പ്രസ് റിലീസ് : 2002-2003/800